LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടർമാർ ഉപേക്ഷിച്ചുപോയ മരാമത്ത് പണികൾ

81 [3255] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഏറ്റെടുത്ത ഏതെങ്കിലും പണികൾ കോൺട്രാക്ടർമാർ ഉപേക്ഷിച്ചുപോയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സംഭവിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര പണികൾ ഉപേക്ഷിച്ചുപോയിട്ടുണ്ട്;

(ഡി) ഇതുമൂലം പൊതുമരാമത്ത് വകുപ്പിന് ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാറുകാരുടെ അനാസ്ഥ, കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം മാറ്റുന്നത്, കരാറുകാരന്റെ മരണം, അനാരോഗ്യം തുടങ്ങിയവയാണ് ഇപ്രകാരം സംഭവിക്കാനുള്ള കാരണങ്ങൾ. കൂടാതെ കൃത്യസമയത്ത് പണി തീർക്കാത്തതിനാലും കരാർ ഉടമ്പടി പാലിക്കാത്തതിനാലും കരാർ റദ്ദു ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വിഭാഗത്തിൽ 2 പണികളുടെ കരാറുകൾ റദ്ദു ചെയ്തിട്ടുണ്ട്. കെട്ടിടവിഭാഗത്തിൽ 13 പണികളാണ് ഇപ്രകാരം ഉപേക്ഷിച്ചുപോയിട്ടുള്ളത്. റോഡുവിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്രകാരം പണികൾ ഉപേക്ഷിച്ചുപോകുന്നതുകൊണ്ടുള്ള നഷ്ടം പണികൾ റീടെണ്ടർ ചെയ്യുമ്പോൾ മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. കെട്ടിടവിഭാഗത്തിൽ ഇതേവരെ നാല് പണികളുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് 237 ലക്ഷം രൂപയോളം വരും.

വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ നടപടി

82 [3256] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ;

(സി) അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ ആഭിമുഖ്യത്തിൽ സർക്കാർ, എയിഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം മെച്ചമാക്കാനുള്ള നിരീക്ഷണ പ്രവർത്തന സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരിക്കുലവും സിലബസും നവീകരിച്ച് അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് ബൃഹത്തായ പരിശീലനം നൽകി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിജയശതമാനം കുറഞ്ഞ സ്കൂളുകളെ ദത്തെടുത്ത് പ്രത്യേക പഠനബോധന തന്ത്രങ്ങൾ നടപ്പാക്കുന്നതിനും അക്കാദമിക് ഇൻസ്പെക്ഷൻ ശക്തമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക പരിശീലനം നൽകുന്നതിന് 'റെമഡിയൽ കോച്ചിംഗ് സെന്റർ' ആരംഭിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമെ ഒരു റവന്യൂ ജില്ലയിലെ ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് മറ്റ് സ്കൂളുകൾക്ക് മാതൃകയും പ്രചോദനവും ആകത്തക്കവിധം 'ലീഡ് സ്കൂൾ' പദ്ധതി നടപ്പിലാക്കാനും പരിപാടിയുണ്ട്. പ്ലസ്ടു പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ രീതിയിൽ ഓരോ ജില്ലയിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ ഇപ്പോൾ തന്നെ ഈ രംഗത്ത് സജീവമാണ്. ഡി.ഇ.ഒ-മാരുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ.ഐ.പി. സെൽ വഴി മോണിറ്ററിംഗും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. ഇതിനെല്ലാം പുറമെ പി.റ്റി.എ. അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലകൾ സംസ്ഥാന തലത്തിൽ നടത്തുന്നതിനും പദ്ധതിയുണ്ട്.

വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്–ശുപാർശകളും നിർദ്ദേശങ്ങളും

83 [3257] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠനം തുടങ്ങുന്നതിന് സർക്കാർ നിയോഗിച്ച വിദ്യാഭ്യാസ കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തോടുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(സി) അടുത്ത വർഷം 3-ാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly